# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **4024** **24/8/2017** -ലെ മറുപടി

## വെള്ളൂർകുന്നത്തുള്ള കേരള വാട്ടർ അതോറിറ്റിയുടെ വാട്ടർ ടാങ്ക് സംരക്ഷണം

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | മൂവാറ്റുപുഴ വെള്ളൂർകുന്നത്തുള്ള കേരള വാട്ടർ അതോറിറ്റിയുടെ വാട്ടർ ടാങ്ക് മണ്ണിടിഞ്ഞ് വീണതിനെ തുടർന്ന് രണ്ടുവർഷമായി അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | 27/6/2015-ൽ മൂവാറ്റുപുഴ താലൂക്കിൽ വെള്ളൂർകുന്നം വില്ലേജിലെ കോർമലയിൽ ഉദ്ദേശം 100 മീറ്ററോളം നീളത്തിൽ വലിയ മൺതിട്ട ഇടിഞ്ഞുവീണ് നാശനഷ്ടങ്ങൾ സംഭവിച്ചിരുന്നു. മണ്ണിടിച്ചിൽ ഉണ്ടായ ഭാഗം വാട്ടർ അതോറിറ്റിയുടെ വാട്ടർ ടാങ്ക് സ്ഥിതി ചെയ്യുന്ന കോമ്പൗണ്ടിന് സമീപമാണ് സ്ഥിതി ചെയ്യുന്നത്. ടാങ്കിന്റെ സംരക്ഷണത്തിനായി താഴെപറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യ നടത്തിയ പഠനത്തിൽ മണ്ണിടിച്ചിൽ ഉണ്ടായതിന്റെ കാരണം ഒരു സ്വകാര്യ വ്യക്തി തന്റെ ഭൂമിയിലുള്ള മണ്ണ് ഏകദേശം 20 മീറ്റർ കിഴ്ക്കാംതൂക്കായി എടുത്തുമാറ്റിയതിനാലാണ്. അതിനാൽ വർഷകാലത്ത് വാട്ടർ ടാങ്ക് നിറച്ച് വിതരണം ചെയ്യരുതെന്ന് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നു. ഈ വിഷയത്തെക്കുറിച്ച് കോട്ടയത്തുള്ള രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി നടത്തിയ പഠനത്തിലും ടാങ്ക് പൂർണ്ണമായി ജലം നിറച്ച് വിതരണം ചെയ്യരുതെന്ന് നിർദ്ദേശിച്ചിരുന്നു. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കണക്കിലെടുത്ത് ഇപ്പോൾ വർഷകാലത്ത് ഈ ടാങ്കിൽ സംഭരിക്കാതെയാണ് ശുദ്ധജല വിതരണം നടത്തിവരുന്നത്. രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ടിന്റെ മറ്റൊരു നിർദ്ദേശം |
| (ബി) | പ്രസ്തുത വാട്ടർ ടാങ്ക് സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ? | | |

ഇപ്പോൾ ഇടിഞ്ഞു കിടക്കുന്ന മണ്ണ് ഇനിയും ഇടിയാതിരിക്കുവാൻ അതിന്റെ അടി ഭാഗത്തിന് സംരക്ഷണം കൊടുക്കണം എന്നായിരുന്നു. എന്നാൽ ഈ സ്ഥലം സ്വകാര്യ വ്യക്തിയുടേത് ആയതുകൊണ്ട് സംരക്ഷണ പ്രവൃത്തി നടപടികൾ കേരള വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്ന് ചെയ്യുന്നതിന് ബുദ്ധിമുട്ടുള്ളതിനാൽ ഇക്കാര്യം ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

JSK/